പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4383

26/06/2014-ൽ
മറുപടിയ്ക്ക്

പുതിയ കോളേജുകളിലെ അദ്ധ്യാപക – അനദ്ധ്യാപക നിയമനം

ചോദ്യം
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

മറുപടി
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) (ബി)	സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച പുതിയ ആർട്സ് & സയൻസ് കോളേജുകളിൽ ഏതെല്ലാം തസ്തികകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; പുതിയ കോളേജുകളിൽ എത്ര വീതം അദ്ധ്യാപക ജീവനക്കാരെയും അനദ്ധ്യാപക ജീവനക്കാരെയും നിയമിച്ചുവെന്ന് കോളേജ് തരംതിരിച്ച് വിശദമാക്കുമോ ;	(എ) യും (ബി) യും	സംസ്ഥാനത്ത് പുതിയതായി അനുവദിച്ച വിവിധ ആർട്സ് & സയൻസ് കോളേജുകളിൽ 02.07.2012-ലെ സ.ഉ (എം.എസ്) നം. 255/12/ഉ.വി.വ, 31.5.14-ലെ സ.ഉ (എം.എസ്) 224/14/ഉ.വി.വ, 2.6.14-ലെ സ.ഉ (എം.എസ്) 231/14/ഉ.വി.വ, 232/14/ഉ.വി.വ, 3.6.14-ലെ സ.ഉ (എം.എസ്) 234/14/ഉ.വി.വ, 4.6.14-ലെ സ.ഉ (എം.എസ്) 237/14/ഉ.വി.വ, 6.6.14-ലെ 251/14/ഉ.വി.വ എന്നിവ പ്രകാരം 265 അദ്ധ്യാപക തസ്തികകളും 89 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.
(സി)	അനദ്ധ്യാപക ജീവനക്കാരെ നിയമിക്കാത്ത കോളേജുകളിൽ ഇത്തരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?	(സി)	കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ